## കേരള സർവകലാശാല

നം.പി.ആർ.210/2016 ഫോൺ : 2305738

### പത്രക്കുറിപ്പ്

### ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല നവംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം – ഇംപ്രൂവ്മെന്റ് ആൻഡ് സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പരീക്ഷ മാറ്റി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ നവംബർ ഒമ്പതിന് തുടങ്ങാനിരുന്ന പരീക്ഷകൾ നവംബർ 16, 18, 21, 23, 25, 28 തീയതികളിലേക്ക് മാറ്റി. സമയത്തിനും പരീക്ഷാകേന്ദ്രത്തിനും മാറ്റമില്ല. ഫോൺ. 0471–2302523.

### ക്ലർക്ക്/ടൈപ്പിസ്റ്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം കോസ്റ്റ് ഓഫ് കൾട്ടിവേഷൻ ഓഫ് പ്രിൻസിപ്പൽ ക്രോപ്സ് ഇൻ കേരളയിൽ ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ നവംബർ 18–നകം ലഭിക്കണം. അപേക്ഷഫോറം, യോഗ്യത, പ്രായം, പ്രവൃത്തിപരിചയം മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### ആദായ നികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2016–17 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ 2016 നവംബർ 21–നകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായ നികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. സ്റ്റേറ്റ്മെന്റിന്റെ മാതൃകയും വിവരങ്ങളും സർവകലാശാല ഫിനാൻസ് വെബ്സൈറ്റിൽ (www.kufinance.info) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
07.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098